# പള്ളികഥകൾ

## മിനികഥകൾ  മുപ്പത്തിയെട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചന്റെ കഥകൾ കേട്ട് ആൾക്കാർ മടുത്തു എന്ന പറയുന്നതിനേക്കാൾ അടുത്തതായി അച്ചൻ പറയാൻ പോകുന്ന കഥകേൾക്കാൻ ആൾക്കാർ വ്യഗൃതയോടെ കാത്തിരിക്കയാണെന്നതാണ് സത്യം. സംഗതി പള്ളി കഥകളാണെങ്കിലും പലക്കും അത് കേൾക്കാൻ കൊതിയാണ്. കൂടാതെ പെട്ടന്ന് കഥ പറഞ്ഞു തീരുമെന്നതും വേറെ സത്യം.

## അടവ്

ഇത് അമേരിക്കയിൽ നടന്ന സംഭവമാണ്. ഒരു ചെറിയ പട്ടണത്തിലെ സാമന്യം വലിപ്പമുള്ള ഒരു ചെറിയ ഇടവക. വികാരി ചാണ്ടിയച്ചൻ. യഥാർത്ഥ പേര് തോമസ് ചാണ്ടിയെന്നാണെങ്കിലും അറിയപ്പെടുന്നത് ചാണ്ടിയച്ചൻ അഥവാ അടവു ചാണ്ടിയച്ചൻ. സത്യത്തിൽ അച്ചൻ നിർദ്ദോഷിയാണെങ്കിലും ദൈവം അദ്ദേഹത്തിന്റെ കൂടെയിരുന്ന് പ്രവർത്തിക്കുന്നതു കൊണ്ട് ഇടവകയിലെ പലരും പല അടവുകൾ കാണിച്ചിട്ടും അച്ചൻ അതിനെയെല്ലാം മറികടന്ന് ജയിക്കുന്നതുമൂലം ആളുകളുടെ വിചാരം ഇതെല്ലാം അച്ചന്റെ അടവുകളാണെന്നാണ്. ഈ ഉദാഹരണകഥതന്നെ അതിന് ഒരു തെളിവാകും.

അച്ചൻ ആ പള്ളിയിലെ വികാരിയായിട്ട് ഇപ്പോൾ പതിനെട്ട് വർഷമാകുന്ന. അവിടെയുള്ള പല മിടുക്കന്മാരും പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും അച്ചനോടൊന്നും ചെയ്യാൻ പറ്റിയിട്ടില്ല. അതിനെയെല്ലാം അച്ചൻ മറികടന്ന്പോയിട്ടുണ്ട്. എല്ലാം ദൈവാധീനം കൊണ്ടെന്നാണെന്നാണ് അച്ചന്റെ ഭാഷ്യം.

ആ ഇടവകയിൽ എല്ലാ കൂടെ ഇരുപത്തിയെട്ട് കുടുംബങ്ങൾ ഉണ്ട്. പല തരത്തിലുള്ളവരാണ് എല്ലാം. പണക്കാരും, അന്നന്ന് നിത്യവൃത്തി കഴിയുന്നവരും, മിടുക്കന്മാരും അല്ലാത്തവരും, പോക്കിരികളും അല്ലാത്തവരും. പക്ഷേ കാലത്ത് എട്ടു മണിക്ക് ആരാധനതുടങ്ങുമെങ്കിലും ആ സമയത്ത് സാധാരണ ആരും തന്നെ കാണുകയില്ല. പത്തരയാകുമ്പോൾ ആരാധന തീരുമെങ്കിലും മിക്കവാറും പത്ത മണിയോടുകൂടിയേ ജനങ്ങൾ എത്തിച്ചേരുകയുള്ളു. അച്ചൻ പല പ്രാവശ്യം എല്ലാവരും നേരത്തെ തന്നെ പള്ളിയിൽ വരേണ്ടതിന്റെ ആവശ്യകത പറഞ്ഞു മനസ്സിലാക്കീട്ടുണ്ടെങ്കിലും അതൊന്നും ഫലപ്രദമായില്ല. ജനങ്ങളോട് പലപ്രാവശ്യം പറഞ്ഞു പറഞ്ഞ് അച്ചനും മടുത്തിരിക്കയാണ്. ആ പള്ളിയിൽ എല്ലാ ഞായറാഴ്ചയും ആരാധന കഴിഞ്ഞാലുടനെ ഭക്ഷണമുണ്ട്. ആൾക്കാർക്ക് ഭക്ഷണം കഴിക്കാനും വാർത്തകൾ പങ്കു വെയ്ക്കാനും വളരെ താല്പര്യമാണ്. അതിനാണോ അവർ പള്ളിയിൽ വരുന്നതെന്ന പോലും സംശയം തോന്നും അവരുടെ ഇവ്വിധമുള്ള പ്രവർത്തികൾ കാണുമ്പോൾ.

ആയിടക്കാണ് ആ പള്ളിയിലേക്ക് സഭയിലെ ഒരു മെത്രാച്ചൻ വന്നത്. ഇടവകയിലെ ഏറ്റവും പണക്കാരനായ ഒരാളായ തൊമ്മികുഞ്ഞു മുതലാളിയുടെ വീട്ടിലായിരുന്ന മെത്രാച്ചന്റെ താമസം ഏർപ്പാടു ചെയ്തിരുന്നത്. അദ്ദേഹത്തിന് ഏകദേശം എഴുപത് വയസു പ്രായമുണ്ട്. ഈ വീടും പള്ളിയും തമ്മിൽ ഏകദേശം ഒന്നേമുക്കാൽ മണിക്കൂർ നേരത്തെ വഴിദൂരമുണ്ട്. ഈ മെത്രാച്ചന് എപ്പോഴും എഴുത്തും വായനയും ആണ് പ്രധാനം. അദ്ദേഹം അവിടെ വന്നപ്പോൾ തന്നെ അദ്ദേഹത്തിന് കൊടുത്ത മുറിയിലേക്ക് ഒരു മേശയും കസേരയും ആക്കി. നമ്മുടെ മുതലാളിക്ക് സ്വല്പം പ്രയാസമുണ്ടായെങ്കിലും ഇനിയും മേലാൽ ഒരു മെത്രാച്ചനും അവിടെ താമസസൗകര്യം കൊടുക്കത്തില്ലന്ന ശപഥം ചെയ്തു കൊണ്ടാണ് ആ കൃത്യം ചെയ്തത്. തുടക്കത്തിലേ ഒക്കത്തില്ലന്ന പറഞ്ഞ് മനസ്സില്ലാ മനസ്സോടെയാണ് സമ്മതിച്ചതു തന്നെ. എന്തായാലും ഇനിയും മേലാൽ ആരേയും ആ വീട്ടിൽ ഇങ്ങിനെ താമസിപ്പിക്കത്തില്ലന്ന് ഇപ്രാവശ്യം അയാൾ വീണ്ടും വീണ്ടും ശപഥം ചെയ്തു.

തലേ ഞായറാഴ്ച പല പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് എല്ലാവരോടും ഉൽബോധിപ്പിച്ചു ജനങ്ങൾ എല്ലാവരും കാലത്ത് എട്ടുമണിക്ക് മുൻപായി തന്നെ പള്ളിയിൽ എത്തിച്ചേർന്ന് കത്തിച്ച മെഴുകുതിരിയുമായി മെത്രാച്ചനെ സ്വീകരിക്കണമെന്ന്. അച്ചനെ നാണം കെടുത്താതെ എല്ലാവരും കാലത്തു തന്നെ പള്ളിയിൽ എത്തിച്ചേരണമെന്ന് അദ്ദേഹം എല്ലാവരോടും പല ആവർത്തി പറഞ്ഞു. അവസാനം പള്ളിയിൽ നിന്നും പോകുന്നതിനു മുൻപായി പതിവു പോലെ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി നിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു. അത് അച്ചന്റെ സാധാരണ പതിവാണ്: ഏറ്റവും വിഷമകരമായ സമയങ്ങളിൽ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി നിന്ന് പൊട്ടിക്കരഞ്ഞ് പ്രാർത്ഥിക്കുകയെന്നത്. പ്രാർത്ഥിക്കുക മാത്രമല്ല; പരിപൂർണ്ണ വിശ്വാസവും വെക്കും. ദൈവമേ എന്നെ നാണം കെടുത്താതെ മെത്രാച്ചൻ വരുമ്പോൾ പള്ളി നിറച്ച് എങ്ങിനെയെങ്കിലും ആൾക്കാരെ കൊണ്ട് നിറച്ച് മാന്യമായ് കാര്യങ്ങൾ നീങ്ങാൻ സഹായിക്കണമേയെന്ന് അച്ചൻ സത്യമായും കരഞ്ഞു കൊണ്ട് പ്രാർത്ഥിച്ചു.

നമ്മുടെ മെത്രാച്ചന് തൊമ്മികുഞ്ഞു മുതലാളിയുടെ വീട്ടിൽ പരിപൂർണ്ണം സന്തോഷമായിരുന്ന. എല്ലാ സമയത്തും ഭക്ഷണത്തിന് മേശ നിറച്ച് വിഭവസമൃദ്ധമായ സാധനങ്ങൾ ഉണ്ടായിരുന്ന. കൂടാതെ അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട കൊഞ്ചു കറിയും കരിമീൻ പപ്പാസും കൂടാതെ മീന്റെ തന്നെ പല കറികളും പ്രത്യേകമായിട്ടുണ്ടായിരുന്ന. പൊങ്ങച്ചക്കാരനാണ് മുലാളിയെങ്കിലും അയാളുടെ എളിമയോടുള്ള പെരുമാറ്റവും മെത്രച്ചന് വളരെ ഹൃദ്യമായി. മെത്രാച്ചന്റെ പ്രാർത്ഥനയും ജീവിതരീതികളും മുതലാളിയുടെ വീട്ടിലെ എല്ലാവർക്കും വളരെ ഹൃദ്യമായിരുന്ന.

ഞായറാഴ്ച കാലത്ത് മെത്രാച്ചനും മുതലാളിയും തനിയെ കാലത്തു തന്നെ പള്ളിയിലേക്ക് യാത്ര തിരിച്ചു. ഭാര്യയും മക്കളും കൂടെ പതിവു പോലെ സാവകാശം പിന്നാലെ വേറെ വണ്ടിയേൽ വരാനാണ് തീരുമാനിച്ചത്.

ഏകദേശം മുക്കാൽ മണിക്കൂർ യാത്ര കഴിഞ്ഞപ്പോഴാണ് മെത്രാച്ചൻ മനസ്സിലാക്കുന്നത് അദ്ദേഹത്തിന്റെ വായിക്കാനുള്ള കണ്ണാടി എടുക്കാൻ മറന്ന കാര്യം. ഇനിയും ഒരു മണിക്കൂർ കൂടെ യാത്ര ചെയ്താലെ പള്ളിയിൽ ചെല്ലുകയുള്ളു. എന്തായാലും ഉടനെ വിവരം മെത്രാച്ചൻ മുതലാളിയോടെ പറഞ്ഞു. കണ്ണാടിയില്ലങ്കിൽ മെത്രാച്ചന് കണ്ണ് ഒട്ടും കാണത്തില്ല. മറ്റു മാർഗങ്ങളൊന്നുമില്ലാത്തതു കൊണ്ട് ഉടനെ തന്നെ മുതലാളി ദേഷ്യപ്പെട്ടാണെങ്കിലും ഭാവപ്രകടനം മുഖത്തു കാണിക്കാതെ വീണ്ടും ഇനിയും മേലാൽ ഈ ഇടപാടിന് പോകത്തില്ലന്ന് ശപഥം ചെയ്തുകൊണ്ട് മടങ്ങി പോയി.വിവരമറിയിക്കാൻ അച്ചനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ഞായറാഴ്ച കാലത്ത് അച്ചന്റെ ഫോൺ പ്രവർത്തിക്കത്തില്ലല്ലോ. പിന്നീട് അച്ചൻ ബന്ധപ്പെട്ടപ്പോൾ വിവരമറിഞ്ഞെങ്കിലും ഉടനെ അച്ചൻ എല്ലാവരേയും അറിയിച്ചു “ചിലസാങ്കേതിക കാരണത്താൽ ഇന്ന് ആരാധന അല്പം വൈകിയേ തുടങ്ങുകയുള്ളു. പതിവുപോലെ ആൾക്കാരെല്ലാം വന്നുചേർന്ന് പത്തുമണിസമയത്തു തന്നെ മെത്രാച്ചൻ വന്ന. ആൾക്കാർ പഴയ പല്ലവി തുടങ്ങി കണ്ടോ നമ്മുടെ അച്ചന്റെ പുതിയ അടവ്. അച്ചൻ മനസ്സാ വാചാ കർമ്മണാ വല്ല തെറ്റും ചെയ്തതാണോ?